# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## സ്കൂൾ വിവരങ്ങൾ

1. റവന്യൂജില്ല : കാസറഗോഡ്
2. സ്കൂൾ കോഡ് : 11037
3. സ്കൂളിന്റെ പേര് : എസ്.എസ്.എച്.എസ് ഷേണി
4. മേൽ വിലാസം : ഷേണി (P.O )കാസറഗോഡ്
5. പിൻകോഡ് : 671552
6. ഫോൺ നം : 04998225566
7. Email: 11037sheni@gmail.com
8. ഗ്രാമ പഞ്ചായത്ത് : എൻമകജെ
9. വിദ്യാഭ്യാസ ജില്ലാ : കാസറഗോഡ്
10. ഉപജില്ലാ : കുമ്പള
11. ക്ലാസ് 8 മുതൽ 12 വരെ
12. എയ്ഡഡ്
13. പഠനമാധ്യമം മലയാളം, കന്നഡ, ഇംഗ്ലീഷ്

കാസറഗോഡ് ജില്ലയുടെ വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന എൻമകജെ പഞ്ചായത്തിലാണ് എസ്.എസ്.എച്.എസ് ഷേണി സ്കൂൾ നിലകൊള്ളുന്നത്. പാഠ്യ പാഠ്യേതര രംഗത്ത് മികച്ച സ്ഥാനം കൈവരിക്കാൻ സാധിച്ച സ്കൂളാണ് ഷേണി ശ്രീ ശാരദാംബ ഹയർ സെക്കൻ്ററി സ്കൂൾ. എൻഡോസൾഫാൻ ദുരിത ബാധിതർ ധാരാളം ഉള്ള എൻമകജെ പഞ്ചായത്തിലുള്ള ഈ സ്കൂളിന് പാഠ്യരംഗത്തും പരിമിതികളെ മറികടന്ന് തിളക്കമാർന്ന വിജയം നേടാൻ സാധിച്ചിട്ടുണ്ട്. കാലാരംഗത്തും അഭിമാനകരമായ നേട്ടം തന്നെയാണ് ഈ സ്കൂളിന് നേടാൻ സാധിച്ചത്.

കുട്ടികളിൽ ആത്മധൈര്യം പകരാനും, സേവനമനോഭാവം പുലർത്താനും സ്ൗട്ട്, ഗൈഡ്, NSS ഇവയുടെ പ്രവർത്തനങ്ങൾക്ക് സാധിക്കുന്നുണ്ട്. വിവരസാങ്കേതിക രംഗത്ത് സംസ്ഥാന തലത്തിൽ നേട്ടം കൈവരിക്കാൻ ലിറ്റിൽ കൈറ്റ്സിലൂടെ സാധിച്ചിട്ടുണ്ട്. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് ബോധവത്കരണം നടത്തി പഠനത്തിന് സാഹചര്യം ഒരുക്കുന്നു.,

# സൂചിക

1. സ്കൂൾ വിവരങ്ങൾ
2. സ്കൂളിന്റെ ചരിത്രം
3. എസ്.എസ്.എച്,എസ്,എസ് ഷേണി ഇന്ന്
4. അക്കാദമിക് നേട്ടങ്ങൾ
5. അക്കാദമിക് പരിമിതികൾ
6. ഭൗതിക നേട്ടങ്ങൾ
7. ഭൗതിക പരിമിതികൾ
8. സാമൂഹിക നേട്ടങ്ങൾ
9. സാമൂഹിക പരിമിതികൾ
10. അക്കാദമിക് മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ
11. പ്രവർത്തനം വിശദാംശങ്ങൾ ഉപമേഖല
12. ഉപസംഹാരം

ചിട്ടയായ പ്രവർത്തനത്തിലൂടെയും കൃത്യമായ ആസൂത്രണത്തിലൂടെയും കഴിഞ്ഞ 4 വർഷവും 100 % വിജയത്തിലെത്താൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. പൊതുവിദ്യാലയ സംരക്ഷണത്തിന്റെ ഭാഗമായി അക്കാദമിക് രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് മാനേജ്മെന്റ്. പി.ടി.എ നാട്ടുകാർ ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണം ഉറപ്പുവരുത്തുവാൻ കഴിയുന്നു. ഉൾച്ചേരൽ വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ശിശുസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിലുായ വർധനവ് സ്കൂളിന് അക്കാദമിക് നിലവാരത്തിലുള്ള പൊതുസമൂഹ്യത്തിന്റെ അംഗീകാരമാണ്. അത് നിലനിർത്താനും മുന്നേറാനും കൂടുതൽ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനും ഉദ്ദേശിച്ച് കൊണ്ടാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാകുന്നത്.

സ്കൂളിന്റെ ചരിത്രം

കേരളം സംസ്ഥാനത്തിൽ കാസറഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ എൻമകജെ പഞ്ചായത്തിൽ ഉൾപ്പെട്ട ഷേണി ഗ്രാമത്തിലെ ജനങ്ങളുടെ വിദ്യാഭാസത്തിന് വേണ്ടി 1944 ൽ സ്ഥാപിതമായ സ്കൂകൂളാണ് : ശ്രീ ശാരദാംബ എൽ.പി. സ്കൂൾ 1960 ൽ യു.പി ആയി ഉയർന്നു. വരും കാലങ്ങളിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വേണ്ടി 10 KM അകലെയുള്ള പെർള സ്കൂളിനെ ആശ്രയിക്കേണ്ടി വന്നപ്പോൾ 1976 ൽ പ്രൈമറി ഹൈസ്കൂളായി ഉയർത്തി.

ആദ്യത്തെ ഹൈസ്കൂൾ ബാച്ചിലെ കുട്ടികളുടെ എണ്ണം 32 ആയിരുന്നു. ആദ്യത്തെ ബാച്ച് കന്നഡ മീഡിയം മാത്രമായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ച് കന്നഡ 4 ഡിവിഷനുകളായി ഉയർന്നു. 2001 ൽ മലയാളം പാരലൽ ഡിവിഷൻ തുടങ്ങി. സമീപത്തുള്ള സ്കൂളുകളിൽ മലയാളം പാഠനമാധ്യമം ഇല്ല എന്നുള്ള പോരായ്മ ഇതിലൂടെ പരിഹരിക്കപ്പെട്ടു. ഇന്ന് കന്നഡ, മലയാളം, ഇംഗ്ലീഷ് മാധ്യമങ്ങളായി 8,9,10 ക്ലാസുകളിലാണ് 17 ഡിവിഷനുകളിൽ 750 ഓളം കുട്ടികൾ പഠിക്കുന്നുണ്ട്.

വർഷം സയൻസ്, കോമേഴ്സ് ബാച്ചുകളിൽ ഹയർ സെക്കൻ്ററി ആരംഭിച്ചു.

## എസ്.എസ്.എച്.എസ്.എസ് ഷേണി ഇന്ന്

29 ഹൈസ്കൂൾ അധ്യാപകർ അടങ്ങുന്നതാണ് സ്റ്റാഫ് ഈ വിദ്യാലത്തിൽ 751 ഓളം കുട്ടികളും പഠിക്കുന്നത്. 100 % വിജയം നിലനിർത്തികൊണ്ട് തന്നെ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. പാഠ്യേതര രംഗത്തും മികച്ച നേട്ടം കൈവരിക്കുക എന്ന ലക്ഷ്യം കൂടി ഈ മാസ്റ്റർ പ്ലാനിലുണ്ട്.

**ഹൈ സ്കൂൾ വിഭാഗം :**

**1 അക്കാദമിക് : നേട്ടങ്ങൾ**

ഇംഗ്ലീഷ്, മലയാളം, കന്നഡ വിഭാഗങ്ങളായി 247 കുട്ടികളെ പരീക്ഷയ്ക്ക് ഇരുത്തി 100 % ശതമാന വിജയം നേടിയപ്പോൾ കുട്ടികൾക്ക് full A+ ഉംഗീ കുട്ടികൾക്ക് 9A+ ഉം ലഭിച്ചു. NMMS,NTS മത്സര പരീക്ഷകൾക്ക് കുട്ടികളെ പങ്കെടുപ്പിച്ചിട്ടുണ്ട്. പരിശീലനം നൽകി വിജയത്തിലെത്തിച്ചിട്ടുണ്ട്. വിവിധ നിലവാരത്തിലുള്ള കുട്ടികളെ കൊണ്ട് അനുയോജ്യമായ രീതിയിലുള്ള പരിശീലനം നൽകുന്നത് വിജയത്തിളക്കം വർധിപ്പിക്കുന്നു. സ്കൗട്ട് & ഗൈഡ്, ഇക്കോക്ലബ് ഇവയുടെ പ്രവർത്തനങ്ങൾ പഠനത്തോടപ്പം സേവന മനോഭാവം വളർത്തുന്നു.

**2 അക്കാദമിക് : പരിമിതി**

ലൈബ്രറിക്ക് പ്രത്യേക മുറികളില്ല, സയൻസ് ലാബ്, ഗണിതലാബ് എന്നിവയ്ക്ക് പ്രത്യേക മുറികളില്ല. അതുകൊണ്ട് അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക എന്നുള്ളത് പൂർണ്ണമായ അർത്ഥത്തിൽ സാധിക്കുന്നില്ല. കമ്പ്യൂട്ടർ ലാബിൽ കുട്ടികൾക്ക് ആനുപാതികമായി വേണ്ടത്ര കംപ്യൂട്ടറുകളില്ല.

## ഭൗതിക നേട്ടങ്ങൾ

17 ക്ലാസ്സ്മുറികളും ഇതിനകം തന്നെ ഹൈടെക് സംവിധാനം ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് വായിക്കാനാവശ്യമായ പുസ്തകങ്ങൾ കന്നഡ മലയാളം വിഭാഗങ്ങളായി ഒരുക്കിയിട്ടുണ്ട്. ശാരീരിക അവശത അനുഭവിക്കുന്ന അവസരത്തിൽ വിശ്രമ മുറി ക്രമീകരിച്ചിട്ടുണ്ട്. 44 കമ്പ്യൂട്ടർ ഉള്ള IT ലാബ് സ്കൂളിൻ്റെ മറ്റൊരു നേട്ടമാണ്. കായികരംഗത്ത് മികവ് പുലർത്താൻ വിശാലമായ കളിസ്ഥലം സ്കൂളിൽ ഉണ്ട്. ഗ്രാമ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്കൂളായതു കൊണ്ട് യാത്ര പ്രശനം പരിഹരിക്കാൻ സ്കൂൾ ബസ് സജ്ജമാക്കിയിട്ടുണ്ട്.

## ഭൗതികം പരിമിതികൾ

സ്കൂളിൽ ആവശ്യമായ ലൈബ്രറി പുസ്തകങ്ങൾ ഉണ്ടെങ്കിലും ഒഴിവ് സമയങ്ങളിൽ ഇരുന്നു വായിക്കാൻ വിശാലമായ വായന മുറി ഇല്ല. പാഠ്യേതര പ്രവർത്തങ്ങൾ നടത്താൻ ആവശ്യമായ ഓഡിറ്റോറിയം ഇല്ല. ദിനാചരണങ്ങൾ നടത്താൻ പലപ്പോഴും ഈ കാര്യം ബുദ്ദിമുട്ട് ഉണ്ടാകുന്നു.

സ്കൗട്ട്, ഗൈഡ് കുട്ടികളുടെ യൂനിഫോം സാമഗ്രികൾ, സ്പോർട്സ് സാമഗ്രികൾ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ മുറി ഇല്ല എന്നുള്ളതും ഒരു പരിമിതിയാണ്.

## II സാമൂഹികം

### 1. നേട്ടങ്ങൾ

സ്കൂളിലെ വിവിധ ക്ലബ്ബുകൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം എന്നിവയിൽ മാതൃകാപരമായ സമീപനമാണ് സ്കൂളിലെ വിദ്യാർത്ഥികൾ കാഴ് ചവെക്കുന്നത്.

### 2. പരിമിതികൾ

ക്ലബ് പ്രവർത്തങ്ങൾ, ദിനാചരണങ്ങൾ എന്നിവ സുഗമായി നടത്തികൊണ്ട് പോകാൻ പലപ്പോഴും സാധിക്കുന്നില്ല. പ്രവർത്തനങ്ങളുടെ ബാഹുല്ല്യം അധ്യയനത്തിന് തടസ്സം സൃഷ്ടിക്കുമെന്നത് ഒരു പരിമിതിയാണ്. മലയോരമേഖലയായതിൽ അധിക സമയം കണ്ടെത്താൻ സാധിക്കുന്നില്ല എന്നതും ഒരു പരിമിതിയാണ്.

# അക്കാദമിക മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
4. വായന ശേഷി വർധിപ്പിക്കുക
5. സ്കോളർഷിപ് പരിശീലനം
6. ശാസ്ത്ര പോഷണ പരിപാടി
7. പഠനയാത്രകൾ
8. സ്കൂൾ പത്ര മാസികകൾ
9 . പ്രവർത്തി പരിചയ പരിശീലനം
10 . ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
11. കായിക ശേഷി വികസനം

## SUBJECT MASTER PLAN 2025 STANDARD 10,9,8 BIOLOGY

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി വികസനം | മരം നട്ടുവളർത്തൽ | ജൂൺ-മാർച്ച് | ഇക്കോ ക്ലബ് | വിദ്യാഭ്യാസ വികസന സമിതി |
| ആരോഗ്യ കായിക വികസനം സ്വയം പര്യാപ്തത | പച്ചക്കറിത്തോട്ട നിർമാണം | ജൂൺ-ഡിസംബർ | ഇക്കോ ക്ലബ് | ഇക്കോ ക്ലബ് |
| മഴക്കാല ശുചീകരണം | കൊതുക് നിർമാർജനം | ജൂൺ-ഓഗസ്റ്റ് | സയൻസ് ക്ലബ് | വിദ്യാഭ്യാസ വികസന സമിതി |
| ടീൻസ് ക്ലബ് | ടീൻസ് ക്ലബ് രൂപീകരണം ക്ലബ്ബുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ | ജൂൺ-ഫെബ്രുവരി | ടീൻസ് ക്ലബ് കൺവീനർ മറ്റ് അധ്യാപകർ | ടീൻസ് ക്ലബ് |
| പ്രഥമ ശുശ്രുഷ | പ്രഥമ ശുശ്രുഷ ബോധവത്കരണം | ജൂലൈ-12 | സയൻസ് ക്ലബ് | |
| ലഹരി നിർമാർജനം | ലഹരി വിരുദ്ധ ക്ലാസ് കുട്ടികൾ രക്ഷിതാക്കൾ | ജൂൺ-ഡിസംബർ | വിമുക്തി ക്ലബ് എക്സൈസ് ഡിപ്പാർട്മെന്റ് | ലഹരി വിരുദ്ധ |

# MASTER PLAN MATHS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയ ധാരണ കൈവരിക്കൽ | കുട്ടികളുടെ മുന്നറിവ് പരിശോധിക്കാനായി നടത്തുന്ന Preliminary Test. | ആദ്യവാരം | ഗണിത അധ്യാപകൻ | |
| ഗണിത പരീക്ഷയിൽ Minimum Mark ഉറപ്പുവരുത്തുക | ഓരോ അധ്യായം കഴിയുമ്പോഴും കുട്ടികൾക്ക് Unit Test നടത്തുന്നു.പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് Extra Class നൽകുന്നു | മാസത്തിലൊരിക്കൽ | ഗണിത അധ്യാപകൻ പഠനത്തിൽ മുന്നിൽ നിൽക്കുന്ന കുട്ടികൾ | PTA അധ്യാപകർ |
| ഗണിത നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഗണിത ക്ലബ് രൂപീകരിക്കുന്നു .ഗണിത മോഡൽ നിർമാണം | വർഷത്തിലൊരിക്കൽ | ഗണിത ക്ലബ് അധ്യാപകർ | PTA |
| ഗണിതമേളക്കായുള്ള തയാറെടുപ്പ് കുട്ടികളിലെ അഭിരുചിക്കനുസരിച്ചു പ്രേത്യേക പരിശീലനം നൽകുന്നു .മാസത്തിൽ രണ്ടുതവണ . | കുട്ടികളിലെ അഭിരുചിക്കനുസരിച്ചു പ്രേത്യേക പരിശീലനം നൽകുന്നു | മാസത്തിൽ രണ്ടുതവണ . | ഗണിത അധ്യാപകർ ഗണിത ക്ലബ് | |
| ഗണിത CORNER | ഗണിതാശയങ്ങളുടെ ചാറ്റ് രൂപത്തിലുള്ള പ്രദർശനം ഗണിത ലൈബ്രറി ഗണിത മാതൃകകളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | ഗണിത ക്ലബ് അധ്യാപകർ കുട്ടികൾ | |
| | | | | |
| | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ മുന്നറിവുകൾ പരിശോധിക്കൽ | CLASS TEST ( PRELIMINERY TEST) നടത്തുന്നു. മാർക്കിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുന്നു | JUNE | ഗണിത അധ്യാപകൻ | |
| ഗണിത ക്യാമ്പ് ,പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് | ഗണിത കളികൾ ,ഗണിത നാടകം എന്നിവ ഉൾക്കൊള്ളിച്ചുള്ള ഏകദിന ക്യാമ്പ് | JULY | ഗണിത അധ്യാപകർ | PTA അധ്യാപകർ |
| ഗണിത സെമിനാർ | പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സെമിനാർ നടത്തുന്നു | വർഷത്തിലൊരിക്കൽ | ഗണിത അധ്യാപകർ | |
| പരീക്ഷയിൽ മിനിമം മാർക്ക് ഉറപ്പുവരുത്തൽ | മുൻകാല ചോദ്യപേപ്പറുകൾ ഉപയോഗിച്ചുള്ള പഠനം .പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു ലളിതമായ ചോദ്യങ്ങൾ കണ്ടെത്തി നൽകുന്നു | മാസത്തിലൊരിക്കൽ | ഗണിത അധ്യാപകൻ | |

# മലയാളം /കന്നഡ - ഭാഷാശേഷിവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുക | ടെസ്റ്റ് നടത്തി ,ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു .വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു . | ജൂൺ | ഭാഷ അധ്യാപകർ | PTA |
| പദസമ്പത്തു നേടൽ | പുതിയ പദം പരിചയപ്പെടുത്തൽ ,ആഴ്ചയിൽ ഒരിക്കൽ നിഘണ്ടു നിർമാണം | വർഷം മുഴുവൻ | ഭാഷ അധ്യാപകർ | PTA |
| എല്ലാ കുട്ടികൾക്കും മലയാളം - കന്നഡ നന്നായി എഴുതാനും വായിക്കാനും ഉള്ള ശേഷി നൽകുക | അക്ഷരം ഉറപ്പിക്കൽ ,ചിഹ്നം ഉറപ്പിക്കൽ ,പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഗണന | വർഷം മുഴുവൻ | ഭാഷ അധ്യാപകർ | PTA |
| കുട്ടികളിൽ വായനാശീലം വർധിപ്പിക്കുക | അക്ഷരം ഉറപ്പിക്കൽ ,ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ,ക്ലാസ് ലൈബ്രറി നിർമാണം ,വായന മുറി സജ്ജീകരിക്കൽ ,ജന്മദിന പുസ്തക ശേഖരണം ,പത്രവായന ,വിവരങ്ങൾ ശേഖരിക്കൽ ,അവതരണം | വർഷം മുഴുവൻ | ഭാഷ അധ്യാപകർ | PTA |
| സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ ,പുസ്തക ചർച്ച | വർഷം മുഴുവൻ | ഭാഷ അധ്യാപകർ | PTA |

## SOCIAL SCIENCE ACADEMIC MASTER PLAN-2025-26

| NAME OF ACTIVITY | OBJECTIVES | SUMMERY | DURATION | RESPONSIBILITY | FINANCIAL SOURCE | SUPPORT |
|---|---|---|---|---|---|---|
| Visit to historical site *Bekal fort | Conservation of historical monuments | Knowledge about historical places | 1 day | Social science club | PTA | PTA,SRG |
| Mental and Physical protection of a dokscent children | Solution for mental and physical problems of Adolescent children | Counseling and medical Intervention for children's issues. | 3 hrs | Social science club | PTA | PTA Social science club |
| Weather study | Seasonal variations on Earth | studying weather Factors - Rainfall, Temperature, seasons. Visit the Meteorological station. | 1 month | Social science Teacher | - | Social science Teacher |
| Study of Maps | Study of places | Locations of Nations and Continents. -Study of geographical features | 1 year | SS Teacher | Parents | SS Teacher |
| Mock Parliament | Creating Awareness abocet Elections | Understanding the different levels of Democracy | 1 month | SS Teacher | SS Teacher | SS Teacher,Panchayath Member |
| Local History | Local data collection | Understanding the historical significance of a region | 2 Month | SS Teacher Parents | SS Teacher | Teacher,Parents,famous People |
| Economic system | Understanding Banking operations | Financial Transactions and the use of modern technology | 1 Month | SS Teacher | SS Teacher | Bank, SS Teacher |
| Consumers Protection and satisfaction | Understanding the protection of consumers | Consumers edacation and rights | 1 Month | SS Teacher | SS Teacher | Teacher ,Traders |
| Study of Sociology | knowledge about Society | Understanding the social institutions and social control | 1 Month | SS Teacher | SS Teacher | Family,Society,Teacher |
| Advanced knowledge of social sciences | Further studies in Social sciences | Preperation of models and map making | 3 Month | SS Teacher | PTA | SS Club |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശുചിത്വബോധം വളർത്തൽ പ്ലാസ്റ്റിക് വിമു ക്ലാസ്റൂം., പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് | ക്ലാസ്മുറിക്കുള്ളിൽ പ്ലാസ്റ്റിക് ശേഖരണത്തിനായി പ്രത്യേക വേസ്റ്റ് ബോക്സുസുകൾ സ്ഥാപിക്കുന്നു. | ജൂൺ - മാർച്ച് | എല്ലാ കുട്ടികൾക്കും സ്കൂളിൽ സയൻസ് ക്ലബ് | |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തിയെടുക്കൽ | ലഘുപരീക്ഷണങ്ങൾ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും അവതരിപ്പിക്കാൻ പ്രചോദനം നൽകുന്നു. | ജൂലൈ - ഡിസംബർ | സയൻസ് ക്ലബ് | |
| സ്കൂളിലെ ശാസ്ത്രക്ലബ് | ശാസ്ത്രലാബിലെ എല്ലാ ഉപകരണങ്ങളുമായും കുട്ടികൾ പരിചയപ്പെടുന്നു | ആഗസ്റ്റ് - നവംബർ | സയൻസ് ക്ലബ് | |
| ശാസ്ത്രമേളയിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പുവരുത്തൽ | സ്റ്റീൽ മോഡൽ, വർക്കിങ് മോഡൽ, പ്രൊജക്റ്റ് എന്നിവയുടെ വീഡിയോ പ്രദർശനം | ആഗസ്റ്റ് - നവംബർ | സയൻസ് ക്ലബ് | |
| ചോദ്യപേപ്പർ നിർമാണ ശിലപശാല സംഘടിപ്പിക്കൽ | നിലവാരം കൂടിയ ചോദ്യങ്ങൾ പരിചയപ്പെടുത്തി കുട്ടികളെ ഉപയോഗിച്ച് ചോദ്യപേപ്പർ നിർമാണപരിശീലനം | 4 മാസം ആഴ്ചയിൽ തവണ | സയൻസ് ക്ലബ് | |
| സയൻസുമായി ബന്ധപ്പെട്ട തൊഴിൽ നൈപുണി കണ്ടെത്തൽ | വർക്ക്ഷോപ്പുകൾ, LED നിർമാണം, Detergent- നിർമാണം | ആഗസ്റ്റ് | സയൻസ് ക്ലബ് | |
| ശാസ്ത്ര പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുപരീശീനം | അധ്യാപകൻ, കുട്ടി ,എന്നീ രണ്ട് തലങ്ങളിൽ പഠിശീലനം | ആഴ്ചയിൽ 2 തവണ | Science Teacher | |
| ശാസ്ത്ര നാടകം | ശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയത്തെ ആസ്പദമാക്കി ശാസ്ത്രനാടകം | 3 മാസം | Science അധ്യാപകർ | |

III. അടിസ്ഥാന ശാസ്ത്രം വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തകം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ ശാസ്ത്രലാബി നവീകരണം | ലളിത പരീക്ഷണങ്ങൾ ചെയ്യിപ്പിക്കൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയ ലാബുകൾ സജ്ജീകരിക്കൽ | മാസത്തിൽ 2 ദിവസം | സയൻസ് അധ്യാപകർ, ക്ലബ് | 10,000 |
| സയൻസ് മാസിക । തയ്യാറാക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോലിജി വിഷയവുമായ് ബന്ധപ്പെട്ട എല്ലാ കുട്ടികളും തയ്യാറാക്കിയ ലേഖനങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രമാസിക ശാസ്ത്ര പതിപ്പ് ഇവ തയ്യാറാക്കുക. | അധ്യയന വർഷം മുഴുവൻ | സയൻസ് അധ്യാപകർ, സയൻസ് ക്ലബ് | PTA പഞ്ചായത്ത് 1 ലക്ഷ്യം |
| .വർക്ക്ഷോപ്പ് | LED ബൾബ് നിർമാണം, സോപ്പ് നിർമാണം | അധ്യയന വർഷത്തിൽ2ദിവസം | സയൻസ് ക്ലബ് | 5,000 |
| IV സ്കോളർഷിപ് പരിശീലനം | | | | |
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ് പരീക്ഷയിലൂടെ ലഭ്യമാക്കൽ | സംസ്കൃത സ്കോളർഷിപ്,NMMS,NTS പരീക്ഷ പരിശീലനം കൊടുക്കുക | ഓരോ മാസവും 8 മണിക്കൂർ | സയൻസ് ഗണിത അധ്യാപകർ സംസ്കൃത, അധ്യാപകർ | |
| V മേഖല ഹൈസ്കൂൾ ഇംഗ്ലീഷ് | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തകം |

| | | | | |
|---|---|---|---|---|
| 1.ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക.<br><br>2.ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.<br><br>3.സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക \| സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക<br><br>4.നാടകീകരണം | SPOKEN ENGLISH CLASS<br>ENGLISH LIBRARY<br>ENGLISH CORNER STORY TIME<br>ENGLISH CARTOON<br>ENGLISH ASSEMBLY<br>Cinema & Documentary Profile & Script<br>English Cinemaയുടെ ചിലരംഗ ങ്ങൾ പ്രദർശിപ്പിക്കുന്നു. Role play, English Day, Seminar കൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടി സ്ഥ◌ാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു.<br><br>School English Voice, അക്ഷര കാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എൻ്◌റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions.<br><br>English Assembly, Skit, Puppet Show, English Lab പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | അവധിക്കാലം /ശനിയാഴ്ചകൾ<br><br>ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>ശനിയാഴ്ചകൾ ക്യാമ്പ് | പി.ടി.എ, ടീച്ചേർസ്<br><br>SRG, ടീച്ചേർസ്<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>പി.ടി.എ, SRG, ടീച്ചേർസ്<br><br>പി.ടി.എ, ടീച്ചേർസ്<br><br>പി.ടി.എ, SRG, ടീച്ചേർസ് ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ, മാനേജ്മെന്റ്<br><br>ഇംഗ്ലീഷ് ക്ലബ്ബ് മാനേജ്മെന്റ്<br><br>പി.ടി.എ ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>പി.ടി.എ,<br><br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ് തരാക്കുന്നു.<br><br>സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>BOOK REVIEWS<br>രചനകളുടെ പ്രദർശനം (Magazine)<br><br>പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയി പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു<br><br>Native Speakers സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, ടീച്ചേർസ്<br><br>SRG, ടീച്ചേർസ്<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ്<br><br>ഇംഗ്ലീഷ് ക്ലബ് മാനേജ്മെന്റ്<br><br>പി.ടി.എ ഇംഗ്ലീഷ് ക്ലബ്ബ് |

## VI. കലാകായിക വികസനം

| | | | | |
|---|---|---|---|---|
| ശാരീരിക ക്ഷമതാ വികസനം | യോഗ പരിശീലനം, സ്പോർട്ടിൽ പ്രത്യേക പരിശീലനം. പെൺകുട്ടികൾ കബഡി പരിശീലനം, സബ് ജില്ലാ, ജില്ലാ തല മത്സര പരിശീലനം | അധ്യയന വർഷം | PTA അധ്യാപകർ, | 50000 |

## VII. ഉപമേഖല പഠന യാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തകം |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ കോട്ടകൾ തുടങ്ങിയവയെ കുറിച്ച് മനസ്സിലാക്കുക. | സാമൂഹ്യ പ്രാധ്യാന്യമുള്ള സ്ഥലങ്ങൾ ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്ര | വർഷത്തിൽ 1 തവണ | ss ടീച്ചേർസ് | PTA |
| **VIII. ഉപ മേഖലപ്രവൃത്തി പരിചയം** | | | | |
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം. നല്ല മികച്ച ഉൽപനങ്ങൾ ഉണ്ടാക്കൽ | 1 വർഷത്തിൽ 1 മാസം | SRG | 5000 തദ്ദേശീയ സ്വയം ഭരണ സ്ഥാനം |
| **IX. ഉപമേഖല ദിനാചരണങ്ങൾ** | | | | |
| വിവിധ ശേഷിയുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ TO മാർച്ച് | SRG | |
| **X. മേഖല അക്കാദമികം സാമൂഹികം, ഉപ മേഖല CPTA ശക്തിപ്പെടുത്തൽ** | | | | |
| CPTA ശക്തിപ്പെടുത്തി മുഴുവൻ കുട്ടികളുടെയും പോരായ്മതിരിച്ചറിഞ്ഞ അവരെ സഹായിക്കുക | CPTA യോഗം കാര്യക്ഷമമായി നടത്തുക | 1 വർഷത്തിൽ 4 തവണ | SRG ക്ലാസ് ടീച്ചർ | |

## ഉപസംഹാരം

എസ്.എസ്.എച്.എസ്.എസ് ഷേണി സ്കൂളിലും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ആസൂത്രണത്തോടെ തയ്യാറാക്കിയതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. ഇതിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും സഹായത്തോടെ ചെയ്യാൻ പറ്റും എന്ന വിശ്വാസം ഞങ്ങൾക്കുണ്ട് അതിനാൽ ഈ പ്ലാൻ ഞങ്ങൾ ഇവിടെ അവതരിപ്പിക്കുന്നു.